- കമ്മ്യൂണിറ്റി കൗൺസിലർമാരെ പരിശീലനം നൽകി ടി ബ്ലോക്കുകളിൽ നിയോഗിച്ചിട്ടുണ്ട്.
- സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്കുകൾ ടി ബ്ലോക്കുകളിൽ ആരംഭിച്ചിട്ടുണ്ട്.
- ബ്ലോക്കുതല മൈഗ്രേഷൻ സെന്റർ, അക്രഡിറ്റഡ് സേഫ് ഹോംസ് എന്നിവ ആരംഭിച്ചിട്ടുണ്ട്.

### വൃദ്ധ സദനങ്ങൾ

**250 (4293)** പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധ സദനങ്ങളുടെ മേൽനോട്ടവും നിയന്ത്രണവും ആർക്കാണെന്ന് അറിയിക്കുമോ ;

(ബി) ഇതിനായി പ്രത്യേക ബോർഡ് രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(സി) എങ്കിൽ ആരെല്ലാമാണ് അംഗങ്ങൾ ;

(ഡി) ചെയർമാന്റെയും ബോർഡംഗങ്ങളുടെയും സേവന-വേതന വ്യവസ്ഥകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങളുടെ മേൽനോട്ടവും നിയന്ത്രണവും ഓർഫനേജ് കൺട്രോൾ ബോർഡിനാണ്.

(ബി) ഇല്ല.

(സി &ഡി) ബാധകമല്ല.

### ക്ഷേമ സ്ഥാപനങ്ങളുടെ പ്രവർത്തനം

**251 (4294)** ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യനീതിവകുപ്പ് നേരിട്ട് നടത്തുന്ന ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികൾക്കുള്ള പ്രതിമാസ ചെലവിനത്തിനുള്ള തുകയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ ; എങ്കിൽ വർദ്ധനവ് സംബന്ധിച്ച വിശദവിവരം നൽകാമോ ;

LIBRARY ARCHIVES Kerala Legislative Assembly